## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 207** **08.02.2016 ന് മറുപടിയ്ക്ക്**

## സമ്പൂർണ്ണ മദ്യനിരോധനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, ലൂഡി ലൂയിസ്<br>,, സണ്ണി ജോസഫ്<br>,, തേറമ്പിൽ രാമകൃഷ്ണൻ : | | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | പത്ത് വർഷത്തിനകം സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ; | (എ) യും (ബി) യും (സി) യും | മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യ വർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും, മദ്യം, കേരളത്തിന്റെ സാമൂഹ്യവിപത്തായി തുടരുന്നുവെന്ന് ബോധ്യപ്പെട്ടതിനാലാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ വരുന്ന 10 വർഷം കൊണ്ട് "മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്.<br>ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും, എഫ്.എൽ-1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ട് കുറയ്ക്കുന്നതിനും തീരുമാനമെടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തി നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മദ്യം കൈവശം വച്ച് കൈകാര്യം |
| (ബി) | ഇതിനായി എന്തെല്ലാം നിയമ നിർമ്മാണങ്ങൾ നടത്തുകയുണ്ടായി എന്നറിയിക്കാമോ; | | |
| (സി) | ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് ഇതിനായി കൈക്കൊണ്ടത് എന്ന് വിശദമാക്കാമോ ? | | |

| | | |
|---|---|---|
| | | ചെയ്യാതിരിക്കാൻ വേണ്ടി കൈവശം വയ്ക്കാവുന്ന വിവിധയിനം (ബിയർ, വൈൻ, ഉൾപ്പെടെ) മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും,സൂര്യോദയം മുതൽ അർദ്ധരാത്രി വരെ പ്രവർത്തിച്ചു വന്നിരുന്ന ബാർ ഹോട്ടലുകളുടെയും ബിയർ വൈൻ പാർലറുകളുടെയും പ്രവർത്തനസമയം 5.30 മണിക്കൂർ കുറയ്ക്കുകയും ചെയ്തു. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി, മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18 ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി. യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു. കൂടാതെ ദു:ഖവെള്ളിയാഴ്ചയും, അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചു.<br><br>പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുന്നതിനും ബാർ ഹോട്ടലുകളുടെയും ബിയർ വൈൻ പാർലറുകളുടെയും പ്രവർത്തനസമയം 5.30 മണിക്കൂർ കുറയ്ക്കുന്നതിനും, മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18 ൽ നിന്നും 21 ആയി ഉയർത്തുന്നതിനും ദു:ഖവെള്ളിയാഴ്ചയും, അന്താരാഷ്ട്ര ലഹരിവിരുദ്ധദിനവും ഡ്രൈഡേകളായി പ്രഖ്യാപിക്കുന്നതിനും അബ്കാരി നിയമങ്ങളിൽ മതിയായ നിയമ നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മുകളിൽ പരാമർശിച്ചിട്ടുള്ള എല്ലാ പദ്ധതികളിലും ഭരണതലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ബോധവത്ക്കരണത്തിൽക്കൂടി മദ്യവർജ്ജനം പ്രാവർത്തികമാക്കുന്നതിന് എക്സൈസ് വകുപ്പിൽ ബോധവത്ക്കരണ വിഭാഗം രൂപീകരിച്ച് ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ നടപടികൾ നടന്നുവരുന്നു. കൂടാതെ സുബോധം എന്ന പദ്ധതിയും ബോധവൽക്കരണത്തിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**